ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 07.06.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ജി-7 ഉച്ചകോടിയിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്ക് കാനഡയുടെ ക്ഷണം; ഉച്ചകോടിയിൽ പങ്കെടുക്കുമെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi to attend G-7 Summit in Kananaskis; Receives invitation from his Canadian counterpart.**

2. പരസ്പര ബാങ്കിങ് ബന്ധം ശക്തിപ്പെടുത്താനും വ്യാപാര ഇടപാടുകൾ ദേശീയ കറൻസികളിൽ നടത്താനും ഇന്ത്യയും മധ്യേഷ്യൻ രാജ്യങ്ങളും തമ്മിൽ ധാരണ.

   **India & Central Asian countries call for enhanced interbank relations & trade in national currencies.**

3. ഭീകരതയ്ക്കെതിരെ സഹിഷ്ണുതയില്ലാതെ പൊരുതാനുള്ള ഇന്ത്യയുടെ നീക്കത്തിൽ സഹകരിക്കാൻ സന്നദ്ധത അറിയിച്ച് പത്ത് ബ്രിക്സ് രാജ്യങ്ങളിലെ പാർലമെന്റുകൾ.

   **Parliaments of Ten BRICS Nations Express Willingness to Support India's Zero-Tolerance Stand Against Terrorism.**

4. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ഓർമ പുതുക്കി ഇന്ന് ബക്രീദ്; ആശംസ നേർന്ന് രാഷ്ട്രപതി, ഗവർണർ, മുഖ്യമന്ത്രി തുടങ്ങിയവർ.

**Bakrid celebrations across the country, Remembering Sacrifice and Dedication; President, Governor, CM Extend Greetings.**

5. ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസിൽ ഇന്ന് ലോക ഒന്നാം നമ്പർ താരം ആര്യാന സബലേങ്കയും രണ്ടാം സീഡ് കോക്കോ ഗൗഫും ഏറ്റുമുട്ടും; പുരുഷ സിംഗിൾസ് ഫൈനൽ നാളെ.

**World No. 1 Aryna Sabalenka to Face Second Seed Coco Gauff in French Open Women's Singles Today; Men's Final Tomorrow.**

**************************

## PM-G7 SUMMIT-CANADA

ഈ മാസം അവസാനം കാനഡയിൽ നടക്കാനിരിക്കുന്ന ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി ഉച്ചകോടിയിൽ പങ്കെടുക്കാൻ ക്ഷണിച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. ഊർജ്ജസ്വലമായ ജനാധിപത്യ രാജ്യങ്ങളായി ഇന്ത്യയും കാനഡയും ഒരുമിച്ച് പ്രവർത്തിക്കുമെന്നും ശ്രീ മോദി പറഞ്ഞു.

**************************

## PM-CENTRAL ASIA FMs

മധ്യേഷ്യൻ രാജ്യങ്ങളുമായുള്ള ബന്ധത്തിന് ഇന്ത്യ വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്നലെ ന്യൂഡൽഹിയിൽ കസാക്കിസ്ഥാൻ, കിർഗിസ് റിപ്പബ്ലിക്,

താജിക്കിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നീ രാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാരുമായുള്ള കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ സാമ്പത്തിക സഹകരണം, വിപുലീകരിച്ച കണക്റ്റിവിറ്റി, മെച്ചപ്പെട്ട പ്രതിരോധ - സുരക്ഷാ സഹകരണം എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടും ശ്രീ മോദി പങ്കുവെച്ചു. പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച മധ്യേഷ്യൻ വിദേശകാര്യ മന്ത്രിമാർ അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിന് പൂർണ പിന്തുണ അറിയിച്ചു.

**************************

## INDIA-CENTRAL ASIA JOINT STATEMENT

അന്താരാഷ്ട്ര ഭീകരത സംബന്ധിച്ച യു.എൻ സമഗ്ര ഉടമ്പടി ഉടൻ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യയും മധ്യേഷ്യൻ പങ്കാളികളും. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന നാലാമത് ഇന്ത്യ-മധ്യേഷ്യ സംഭാഷണത്തിന്റെ സംയുക്ത പ്രസ്താവനയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. വ്യാപാരം, നിക്ഷേപം, വിനോദസഞ്ചാരം, ജനങ്ങൾ തമ്മിലുള്ള വിനിമയം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ബാങ്കിങ് ബന്ധങ്ങൾ മെച്ചപ്പെടുത്താനും ദേശീയ കറൻസികളിൽ വ്യാപാരം നടത്താനും ധാരണയായി.

**************************

## BRICS PARLIAMENTS

ഭീകരതയ്ക്കെതിരെ സഹിഷ്ണുതയില്ലാതെ പൊരുതാനുള്ള ഇന്ത്യയുടെ നീക്കത്തിൽ സഹകരിക്കാൻ സന്നദ്ധത അറിയിച്ച് പത്ത് ബ്രിക്സ് രാജ്യങ്ങളുടെ പാർലമെന്റുകൾ. ബ്രസീലിൽ ചേർന്ന 11-ാമത് ബ്രിക്സ് പാർലമെന്ററി ഫോറത്തിലാണ് ധാരണ. ഇന്ത്യൻ പ്രതിനിധി സംഘത്തെ ലോക്സഭാ സ്പീക്കർ ഓം ബിർളയാണ് നയിച്ചത്. നിർമിതബുദ്ധിയുടെ ഉത്തരവാദിത്തപരമായ

ഉപയോഗം, ആഗോള വ്യാപാരം, സമ്പദ് വ്യവസ്ഥ, അന്തർ-പാർലമെന്ററി സഹകരണം, ആഗോള സമാധാനം തുടങ്ങിയ

വിഷയങ്ങളിൽ ഫോറം വിശാലമായ സമവായത്തിലെത്തി.

*************************

## RIJIJU-UMEED PORTAL(INTRO)

വഖഫ് സ്വത്തുക്കളുടെ നടത്തിപ്പിലും ഭരണത്തിലും സുതാര്യത കൊണ്ടുവരാൻ ഉമ്മീദ് പോർട്ടലിലൂടെ സാധിക്കുമെന്ന് കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജു. പുതിയ വഖഫ് സ്വത്തുക്കളുടെ രജിസ്ട്രേഷൻ, വഖഫ് വിശദാംശങ്ങൾ ഫയൽ ചെയ്യൽ, വഖഫ് രജിസ്റ്ററിൻറെ പരിപാലനം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള പോർട്ടൽ കേന്ദ്ര മന്ത്രി പുറത്തിറക്കി.
( വോയിസ്....)

*************************

## EID-UZ-ZUHA - PREZ, GOVERNOR, CM

ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ഓർമ പുതുക്കി ഇസ്ലാം മതവിശ്വാസികൾ ഇന്ന് ബക്രീദ് ആഘോഷിക്കുന്നു. രാജ്യത്തുടനീളമുള്ള ഈദ്ഗാഹുകളിലും പള്ളികളിലും ഈദ് നമസ്കാരം നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു , ലോക്സഭാ സ്പീക്കർ ഓം ബിർള, കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ബക്രീദ് ആശംസ നേർന്നു. സമൂഹത്തിൽ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമാണ് ബക്രീദ് നൽകുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു.

*************************

## BAKRID - KERALA(INTRO)

കേരളത്തിലും ബലി പെരുന്നാൾ ദിനം രാവിലെ വിശ്വാസികൾ പള്ളികളിലേക്കും ഈദ്ഗാഹുകളിലേക്കും എത്തിത്തുടങ്ങി. ആത്മസമർപ്പണത്തിന്റെ ജീവിക്കുന്ന മാതൃകകളാവാൻ ആണ് ബലിപെരുന്നാൾ ആഹ്വാനം ചെയ്യുന്നത്. ( വോയിസ്....)

കോഴിക്കോട് ചാലിയം ജുമുഅ മസ്ജിദിൽ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ പെരുന്നാൾ നമസ്കാരത്തിന് നേതൃത്വം നൽകും. കോഴിക്കോട് പാളയം മൊഹ് യുദീൻ പള്ളിയിൽ ഇമാം ഹുസൈൻമടവൂരും നമസ്കാരത്തിന് നേതൃത്വം നൽകും. പെരുന്നാൾ നമസ്കാര ശേഷം ത്യാഗസന്നദ്ധതയുടെ വിളംബരമായി ബലികർമ്മവും വിതരണവും വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശ്വാസികൾ ഇന്ന് രോഗികൾ, വയോധികർ തുടങ്ങിയവരെ സന്ദർശിക്കുന്നതിനും ഗൃഹ സന്ദർശനങ്ങളിലും സ്നേഹവിരുന്നുകളിലും പങ്കെടുക്കും. എല്ലാ ശ്രോതാക്കൾക്കും ആകാശവാണി വാർത്തകളുടെ ബലിപെരുന്നാൾ ആശംസകൾ.

**************************

## NILAMPUR BY ELECTION

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറുമാണ് മത്സര രംഗത്തെ പ്രമുഖർ. ബലി പെരുന്നാൾ ദിനമായ ഇന്ന് LDF UDF NDA മുന്നണികൾ പരസ്യപ്രചാരണം ഒഴിവാക്കി പള്ളികളിലും വീടുകളിലും സന്ദർശനം നടത്തി വോട്ടു തേടും. 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 നാണ്..

**************************

## THENNALA BALAKRISHNA PILLAI

അന്തരിച്ച കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ളയ്ക്ക് വിട ചൊല്ലാനൊരുങ്ങി രാഷ്ട്രീയ കേരളം. ഭൗതികദേഹം ഇന്ന് രാവിലെ 10.30ന് കെപിസിസിസി ആസ്ഥാനത്ത് പൊതുദർശനത്തിന് വെയ്ക്കും. സംസ്കാരം ശാന്തികവാടത്തിൽ. ഇന്നലെ രാവിലെ തിരുവനന്തപുരത്തായിരുന്നു അന്ത്യം. 95 വയസ്സായിരുന്നു. മൂന്നു തവണ രാജ്യസഭാ എംപി, രണ്ടു തവണ വീതം നിയമസഭാംഗം, കെപിസിസി അധ്യക്ഷൻ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

*************************

## RCB-STAMPEDE FIR

റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന്റെ ഐപിഎൽ വിജയാഘോഷത്തിനിടെ 11 പേർ മരിച്ച സംഭവത്തിൽ കർണാടക പോലീസ് അന്വേഷണം ഊർജിതമാക്കി. പരിപാടിയുടെ സംഘാടനത്തിൽ വീഴ്ച വരുത്തിയെന്ന് ആരോപിച്ച് RCB ഫ്രാഞ്ചൈസി, കർണാടക ക്രിക്കറ്റ് അസോസിയേഷൻ, ആർ.സി.ബി യുടെ ഇവന്റ് മാനേജ്മെന്റ് സ്ഥാപനം തുടങ്ങിയവർക്കെതിരെ FIR ഫയൽ ചെയ്തിട്ടുണ്ട്. അതേസമയം ക്രിക്കറ്റ് അസോസിയേഷൻ നൽകിയ ഹർജിയിൽ, അസോസിയേഷൻ ഭാരവാഹികൾക്കെതിരെ തൽക്കാലം നടപടി സ്വീകരിക്കരുതെന്ന് കർണാടക ഹൈക്കോടതി നിർദ്ദേശിച്ചു.

*************************

## MAHA-NAXAL SURRENDER

മഹാരാഷ്ട്രയിൽ, ഒരു കോടിയിലധികം രൂപയുടെ സംയുക്ത പാരിതോഷികം പ്രഖ്യാപിച്ചിരുന്ന പന്ത്രണ്ട് നക്സലൈറ്റുകൾ കീഴടങ്ങി. ഗഡ്ചിരോളി ജില്ലയിൽ സുരക്ഷാ സേനയ്ക്ക് മുന്നിൽ ആയുധം വെച്ച് കീഴടങ്ങിയ സംഘത്തിന് മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് ഭരണഘടനയുടെ പകർപ്പ് സമ്മാനിച്ചു. മഹാരാഷ്ട്ര-

ഛത്തീസ്ഗഢ് അതിർത്തി ജില്ലയിലെ നക്സൽ ബാധിത ഗ്രാമം അദ്ദേഹം സന്ദർശിച്ചു.

**************************

## FRENCH OPEN

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസിൽ ഇന്ന് ലോക ഒന്നാം നമ്പർ താരം ആര്യാന സബലേങ്കയും രണ്ടാം സീഡ് കോകോ ഗൗഫും ഏറ്റുമുട്ടും. ഇതാദ്യമായാണ് സബലേങ്ക ഫ്രഞ്ച് ഓപ്പണിന്റെ ഫൈനലിലെത്തുന്നത്. കോക്കോയുടെ രണ്ടാം ഫൈനലാണിത്. പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ യാനിക് സിന്നറും സ്പെയിനിന്റെ കാർലോസ് അൽകാരസും നാളെ കളത്തിലിറങ്ങും. ഇന്നലെ രണ്ടാം സെമിയിൽ നൊവാക് ജോക്കോവിച്ചിനെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് സിന്നർ ഫൈനലിലേക്ക് കുതിച്ചത്. ഇറ്റലിയുടെ ലോറെൻസോ മുസെറ്റി പരിക്കേറ്റ് പിൻമാറിയതിനെത്തുടർന്നാണ് നിലവിലെ ചാമ്പ്യനായ അൽകാരസ് ഫൈനലിലെത്തിയത്.

**************************

## NORWAY CHESS

അഞ്ച് തവണ ലോക ചാമ്പ്യനായ മാഗ്നസ് കാൾസൺ തന്റെ ഏഴാമത്തെ നോർവേ ചെസ് കിരീടം സ്വന്തമാക്കി. അവസാന റൗണ്ടിൽ അർജുൻ എറിഗൈസിക്കെതിരെ സമനില വഴങ്ങിയതിന് ശേഷമാണ് കിരീടനേട്ടം. നാടകീയമായ അവസാന റൗണ്ടിൽ അമേരിക്കൻ ഗ്രാൻഡ്മാസ്റ്റർ ഫാബിയാനോ കരുവാന നിലവിലെ ലോക ചാമ്പ്യൻ ഡി ഗുകേഷിനെ പരാജയപ്പെടുത്തി. ഗുകേഷ് 14.5 പോയിന്റുമായി മൂന്നാം സ്ഥാനത്തെത്തിയപ്പോൾ ഫാബിയാനോ 15.5 പോയിന്റുമായി രണ്ടാം സ്ഥാനം നേടി.

**************************

## HP-VP-VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ രണ്ട് ദിവസത്തെ ഹിമാചൽ പ്രദേശ് സന്ദർശനത്തിനായി ഇന്നലെ ഷിംലയിലെത്തി. ഇന്ന്, സോളൻ ജില്ലയിലെ നൗനിയിലുള്ള വൈ.എസ്. പർമാർ ഹോർട്ടികൾച്ചർ ആൻഡ് ഫോറസ്ട്രി സർവകലാശാലയിലെ ഗവേഷകരുമായും അധ്യാപകരുമായും ഉപരാഷ്ട്രപതി സംവദിക്കും.

*************************

## US-CHINA TRADE DEAL

വ്യാപാര കരാർ ചർച്ച ചെയ്യുന്നതിനായി യു.എസ് മന്ത്രിസഭ പ്രതിനിധികൾ തിങ്കളാഴ്ച ലണ്ടനിൽ ചൈനീസ് പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തുമെന്ന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. താരിഫ് നിയന്ത്രണങ്ങൾ കടുപ്പിച്ചതിനെ തുടർന്ന് വ്യാപാര സംഘർഷങ്ങൾ രൂക്ഷമായതിനു പിന്നാലെയാണ് പ്രഖ്യാപനം. ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി ഇത് സംബന്ധിച്ച് നടത്തിയ ടെലിഫോൺ സംഭാഷണം ഫലപ്രദമായിരുന്നെന്ന് ട്രംപ് സമൂഹ മാധ്യമത്തിൽ കുറിച്ചു.

*************************

## BANGLADESH- ELECTION

ബംഗ്ലാദേശിൽ അടുത്തവർഷം ഏപ്രിലിൽ പൊതുതെരഞ്ഞെടുപ്പ് നടത്തുമെന്ന് ഇടക്കാല സർക്കാരിന്റെ മുഖ്യ ഉപദേഷ്ടാവ് മുഹമ്മദ് യൂനുസ് പ്രഖ്യാപിച്ചു. ഉചിതമായ സമയത്ത് വിശദമായ സമയക്രമം തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകുമെന്ന് അദ്ദേഹം പറഞ്ഞു. ഈവർഷം ഡിസംബറിൽ തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് പ്രമുഖ രാഷ്ട്രീയ പാർടികൾ ആവശ്യപ്പെട്ടിരുന്നത്.

*******************************************************

*************************